# കേരള സർവകലാശാല

## വനിത ഹോസ്റ്റൽ

## തൈക്കാട്,തിരുവനന്തപുരം

ടെലി :0471-2304761

ഇ-മെയിൽ:uwhthycaud1@gmail.com

No:UWHT/ഏപ്രിൽ/2017

# ദർഘാസ് പരസ്യം

കേരള സർവകലാശാല തൈക്കാട് വനിത ഹോസ്റ്റൽ കാമ്പസിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും 2017 മെയ് മുതൽ 2018 ഏപ്രിൽ വരെ പന്ത്രണ്ട് മാസ കാലയളവിൽ ആദായം എടുക്കുന്നതിനുള്ള അവകാശം നേടുന്നതിനു വേണ്ടി ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ 2017 മെയ് 17 - ാം തീയതി രാവിലെ 11.00 മണിക്ക് മുമ്പായി ഹോസ്റ്റൽ ഓഫീസിൽ ലഭിക്കേണ്ടതാണ്. നിരതദ്രവ്യമായി 1000 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് (വാർഡൻ,കേരള സർവകലാശാല വനിത ഹോസ്റ്റൽ) അടക്കേണ്ടതാണ്.ദർഘാസുകൾ 'Tender for Lease right for collection of usufructs from University womens Hostel Campus,Thycaud during the year 2017-18' കാമ്പസിലെ ആദായം എടുക്കാനുള്ള അവകാശം നേടുന്നതിനു വേണ്ടി, എന്നു രേഖപ്പെടുത്തി സീൽ ചെയ്ത കവറിൽ ഹോസ്റ്റൽ വാർഡൻറെ പേർക്ക് തപാലിലോ നേരിട്ടോ എത്തിക്കേണ്ടതാണ്.

ഈ ആവശ്യത്തിലേക്ക് മേൽ പറഞ്ഞ ദിവസം വൈകിട്ട് 4.00 മണിക്കു ഹോസ്റ്റൽ ഓഫീസിൽ വച്ച് ലേലവും നടത്തപ്പെടും.

ടി. ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ലേലത്തിനു മുൻപ് മേൽപറഞ്ഞ നിരക്കിൽ നിരതദ്രവ്യം കെട്ടിവയ്ക്കണം. ക്വട്ടേഷനുകൾ/ലേലം അന്നേ ദിവസത്തെ ഏറ്റവും കൂടിയ തുകയ്ക്കു(സർവകലാശാലയ്ക്കു സ്വീകാര്യമെങ്കിൽ മാത്രം) സ്ഥിരപ്പെടുത്തുന്നതാണ്. ഈ തുക മുഴുവനും ലേല തീയതി തുടങ്ങി 3 ദിവസത്തിനകം യൂണിവേഴ്സിറ്റി ഫണ്ടിൽ അടച്ച് ചെലാൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.ഇപ്രകാരം തുക അടക്കാത്ത പക്ഷം,രണ്ടാമത്തെ ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയ വ്യക്തിയ്ക്ക് തുക സർവകലാശാലക്ക് സ്വീകാര്യമാണെങ്കിൽ ടിയാൻ ഉടനെ മൊത്തം

തുകയും അടയ്ക്കുകയാണെങ്കിൽ അയാളുടെ പേരിൽ ദർഘാസ് ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്നതായിരിക്കും.

വൃക്ഷങ്ങൾ കണ്ട് ബോധ്യപ്പെടുന്നതിനും ഇതു സംബന്ധിച്ചുള്ള നിബന്ധനകൾക്കും മറ്റു വിശദ വിവരങ്ങൾക്കും ഹോസ്റ്റൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.പ്രത്യേക കാരണമൊന്നും കാണിക്കാതെ തന്നെ ഏതെങ്കിലും ദർഘാസ്/ലേലം നിരസിക്കുന്നതിന് രജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കും.ദർഘാസ് സംബന്ധമായ എല്ലാ കാര്യങ്ങളിലും അന്തിമ തീരുമാനം രജിസ്ട്രാറുടേതായിരിക്കും.

തൈക്കാട്

02/05/2017

വാർഡൻ (എ .ഒ ഇൻ ചാർജ്)

ADMINISTRATIVE OFFICER
UNIVERSITY HOSTEL FOR WOMEN
THYCAUD, TRIVANDRUM - 14

UNIVERSITY HOSTEL FOR WOMEN
TRIVANDRUM